# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*550.

5.7.2013-ൽ
മറുപടിയ്ക്ക്

## സ്വയംഭരണം സംബന്ധിച്ച റിപ്പോർട്ട്

**ചോദ്യം**

ശ്രീ. കെ.അജിത് :
ശ്രീ. പി.തിലോത്തമൻ :
ശ്രീ.മുല്ലക്കര രത്നാകരൻ :
ശ്രീ.ചിറ്റയം ഗോപകുമാർ :

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം നടപ്പാക്കുന്നതിനെക്കുറിച്ച് നിയോഗിച്ച ഡോ.എൻ.ആർ.മാധവമേനോൻ കമ്മിറ്റി റിപ്പോർട്ട് എന്നാണ് സമർപ്പിച്ചത് ;

(ബി) ഈ പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം അനുവദിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ഡോ.എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായ സമിതി 25.4.2013-നാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

(ബി) ഡോ.എൻ.ആർ.മാധവമേനോൻ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ ചുവടെചേർക്കുന്നു.

1. തിരഞ്ഞെടുക്കപ്പെടുന്ന കോളേജുകൾക്ക് അക്കാഡമിക് സ്വയം ഭരണാവകാശം അനുവദിക്കുന്നതോടൊപ്പം മിതമായ രീതിയിൽ ഭരണപരമായ സ്വയംഭരണാവകാശം കൂടി നൽകുക.
2. സ്വയംഭരണാവകാശം ലഭിക്കുന്ന കോളേജുകൾ യു.ജി.സി.വിഭാവനം ചെയ്തിട്ടുള്ള പ്രകാരം ഒരു ഭരണ സമിതി,അക്കാദമിക് കൗൺസിൽ , ബോർഡ് ഓഫ്.സ്റ്റഡീസ്, ധനകാര്യ സമിതി എന്നിവ രൂപീകരിക്കേണ്ടതാണ്.
3. സംസ്ഥാന തലത്തിൽ സ്വയംഭരണത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി സ്വയംഭരണ അംഗീകാരസമിതി എന്ന പേരിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതാണ്.
4. സ്വയംഭരണ അംഗീകാരസമിതിയുടെ ശുപാർശയ്ക്ക് അനുസരിച്ച് സംസ്ഥാന സർക്കാർ നൽകുന്ന സമ്മതപത്രം സ്വയംഭരണത്തിനായി കോളേജുകൾ യു.ജി.സി.യ്ക്ക് അപേക്ഷ നൽകുന്നതിലേയ്ക്കായി

| | | | |
|---|---|---|---|
| | | | നിർബന്ധമാക്കേണ്ടതാണ്.<br>5. സർവ്വകലാശാല നിയമത്തിൽ സ്വയംഭരണ കോളേജുകൾക്കായി പ്രത്യേക അദ്ധ്യായം ഉൾപ്പെടുത്തേണ്ടതാണ്.<br>6. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ചുവരുന്ന കോളേജുകൾക്കായിരിക്കണം സ്വയംഭരണാവകാശം നൽകേണ്ടത്. |
| (സി) | ഉന്നത വിദ്യാഭ്യാസ മേഖലയെ സ്വാശ്രയവൽക്കരിക്കുന്ന നടപടികളിൽ നിന്നും പിൻമാറുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | കോളേജുകളുടെ സ്വയംഭരണാവകാശം എന്നതുകൊണ്ട് അക്കാദമിക് സ്വയംഭരണമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്. സ്വയംഭരണാവകാശം അനുവദിക്കുന്ന അവസരത്തിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളും പരാതികളും പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ